(ബി) വ്യാജമദ്യവും വ്യാജമദ്യം സൂക്ഷിക്കുന്നതിനുള്ള സംവിധാനവും കണ്ടുപിടിക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് എന്തെങ്കിലും പ്രോൽസാഹനങ്ങൾ നൽകുന്നുണ്ടോ;

(സി) ഇത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ?

ഉത്തരം

(എ) വ്യാജമദ്യത്തിന്റെ നിർമ്മാണവും വിപണനവും സംബന്ധിച്ച പരാതികൾ അന്വേഷിക്കുന്നതിനായി പോലീസ്-എക്സൈസ് ഉദ്യോഗസ്ഥന്മാരുടെ ഒരു കമ്മിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) വ്യാജമദ്യവും വ്യാജമദ്യം സൂക്ഷിക്കുന്നതിനുള്ള സംവിധാനവും കണ്ടുപിടിക്കുന്ന ഉദ്യോഗസ്ഥർക്ക് ക്യാഷ് റിവാർഡ്, ഗുഡ് സർവീസ് എൻട്രി, മുഖ്യമന്ത്രിയുടെ എക്സൈസ് മെഡൽ എന്നിവ നൽകി പ്രോൽസാഹനം നൽകുന്നുണ്ട്.

(സി) ഇക്കാര്യത്തിൽ നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

അനധികൃത സ്പിരിറ്റ് നീക്കം തടയുന്നതിന് കർണ്ണാടക, തമിഴ്നാട് ഗവൺമെന്റുകളുമായി സഖ്യം

27 [5481] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, ലൂഡി ലൂയിസ്:
,, എ. സുജനപാൽ:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽനിന്നും കർണ്ണാടകയിൽ നിന്നുമുള്ള അനധികൃത സ്പിരിറ്റ് കടത്തൽ തടയുന്നതിനുള്ള മാർഗ്ഗത്തെപ്പറ്റി ആലോചിച്ചിട്ടുണ്ടോ; കർണ്ണാടക, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിലെ ബന്ധപ്പെട്ട പോലീസ് അധികാരികൾ അബ്കാരി കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു സഖ്യം ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) ഇല്ലാത്തപക്ഷം ഇക്കാര്യത്തിൽ സഖ്യമുണ്ടാക്കുന്നത് അനധികൃത സ്പിരിറ്റ് നീക്കം തടയുന്നതിനും അബ്കാരി കേസ്സുകൾ ഫലപ്രദമായി നടത്തുന്നതിനും സഹായകരമാണെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ കർണ്ണാടക, തമിഴ്നാട് ഗവൺമെന്റുകളുമായി സഖ്യത്തിലെത്താൻ നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആലോചിച്ചിട്ടുണ്ട്. തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നുമുള്ള സ്പിരിറ്റ് കടത്തലും മറ്റും തടയുന്നതിന് വേണ്ടി ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ബോർഡർ കോൺഫറൻസ് നടത്തി മേൽ കാര്യത്തിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ബി, സി) ഉദിക്കുന്നില്ല.

എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട കേസ്സുകൾ തീർപ്പാക്കുന്നതിന് ഹൈക്കോടതിയിൽ പ്രത്യേകമായി സ്റ്റാന്റിംഗ് കൗൺസിലിനെ ചുമതലപ്പെടുത്താൻ നടപടി

28 [5482] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ കേസ്സുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട കേസ്സുകൾ തീർപ്പാക്കുന്നതിന് ഹൈക്കോടതിയിൽ പ്രത്യേകമായി സ്റ്റാന്റിംഗ് കൗൺസിലിനെ ചുമതലപ്പെടുത്താൻ ഗവൺമെന്റ് ഹൈക്കോടതിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ പ്രത്യേക സ്റ്റാന്റിംഗ് കൗൺസിലിനെ ഏർപ്പെടുത്താമെന്ന് സമ്മതിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട എത്ര കേസ്സുകളാണ് തീർപ്പ് കൽപ്പിക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) എക്സൈസ് ഡിപ്പാർട്ടുമെന്റ് എതിർകക്ഷിയായ 1773 ഒ. പി. കേസ്സുകൾ ഹൈക്കോടതിയിൽ നിലവിലുണ്ട്.

വ്യാജ സ്പിരിറ്റുമായി പിടിച്ചെടുക്കപ്പെട്ട വാഹനങ്ങൾ

29 [5483] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് പിടികൂടിയ വ്യാജ സ്പിരിറ്റു കേസ്സുകൾ എത്ര;



LIBRARY ARCHIVES Kerala Legislative Assembly